REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 08-01-2026** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- **പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞൻ മാധവ് ഗാഡ്ഗിൽ പൂനെയിൽ അന്തരിച്ചു.**
- **'സോമനാഥ് സ്വാഭിമാൻ പർവി'ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസ നേർന്നു.**
- **സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പിൽ, വികസനത്തെ അടിസ്ഥാനമാക്കിയായിരിക്കും BJP യുടെ പ്രചാരണമെന്ന് പാർട്ടി സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ.**
- **നിയമസഭാ തിരഞ്ഞെടുപ്പിന് കേരളമടക്കം സംസ്ഥാനങ്ങളിൽ AICC നിരീക്ഷകരെ പ്രഖ്യാപിച്ചു.**
- **വിജയ്ഹസാരെ ഏകദിന ക്രിക്കറ്റ് ടൂർണമെന്റിൽ കേരളം ഇന്ന് അവസാന മത്സരത്തിൽ തമിഴ്നാടിനെ നേരിടും.**

## വാർത്തകൾ വിശദമായി

പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞൻ മാധവ് ഗാഡ്ഗിൽ അന്തരിച്ചു. അദ്ദേഹത്തിന് 83 വയസ്സായിരുന്നു. പൂനെയിൽ ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഇന്നലെ രാത്രിയായിരുന്നു അന്ത്യം. സംസ്കാരം വൈകിട്ട് പൂനെയിലാണ്.

പശ്ചിമഘട്ട സംരക്ഷണത്തിന് ഗവൺമെന്റ് നിയോഗിച്ച ജൈവ വൈവിധ്യ-വിദഗ്ധ സമിതിയുടെ അധ്യക്ഷനായിരുന്ന മാധവ് ഗാഡ്ഗിൽ, കേരളവുമായി എക്കാലവും അടുത്ത ബന്ധം പുലർത്തിയിരുന്നു. ഇന്ത്യയിലെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് ശാസ്ത്രീയവും പ്രായോഗികവുമായ അടിത്തറ പാകിയ വ്യക്തിയാണ് മാധവ് ഗാഡ്ഗിൽ.

പശ്ചിമഘട്ട മേഖലയിലെ അനിയന്ത്രിതമായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ വലിയ വിനാശങ്ങൾക്ക് കാരണമാകുമെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകിയിരുന്നു. പശ്ചിമഘട്ടത്തിന്റെ മുക്കാൽ ഭാഗവും പരിസ്ഥിതി ലോലമായി പ്രഖ്യാപിക്കണമെന്ന് ഗാഡ്ഗിൽ കമ്മീഷൻ ആവശ്യപ്പെട്ടിരുന്നു.

മാധവ് ഗാഡ്ഗിലിന്റെ പാരിസ്ഥിതിക ഇടപെടലുകളെ കുറിച്ച് പരിസ്ഥിതി പ്രവർത്തകൻ C.R നീലകണ്ഠൻ ........

........(വോയ്സ് ).....

ഗാഡ്ഗിലിന്റെ ആത്മകഥ 'A walk up the hill, living with people and nature ' പശ്ചിമ ഘട്ടം ഒരു പ്രണയകഥ എന്ന പേരിൽ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയ വിനോദ് പയ്യട ......

......വോയ്സ് .........

✪✪✪

'സോമനാഥ് സ്വാഭിമാൻ പർവിന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസകൾ നേർന്നു. മൂല്യബോധത്തിലും, വിശ്വാസത്തിലും വിട്ടുവീഴ്ച ചെയ്യാത്ത എണ്ണമറ്റ നാടിന്റെ മക്കളെ ഓർമ്മിക്കുന്നതായി അദ്ദേഹം സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. 1026 ൽ സോമനാഥ് ക്ഷേത്രത്തിന് നേരെയുണ്ടായ ആക്രമണത്തിന് ആയിരം വർഷം തികയുന്ന പശ്ചാത്തലത്തിലാണ് പർവ് സംഘടിപ്പിക്കുന്നത്. തുടർന്നു വന്ന നൂറ്റാണ്ടുകളിലും സോമനാഥ് ക്ഷേത്രം നിരവധി ആക്രമണങ്ങൾക്കിരയായി. ആവർത്തിച്ചുണ്ടായ ആക്രമണങ്ങൾക്കു ശേഷവും സോമനാഥിലെ നാഗരികതയും, വിശ്വാസങ്ങളും കാലാതീതമായി വർത്തിക്കുകയാണെന്നും നരേന്ദ്രമോദി പോസ്റ്റിൽ കുറിച്ചു. ഇന്നു മുതൽ ഞായറാഴ്ച വരെയാണ് സോമനാഥ് സ്വാഭിമാൻ പർവ് ആചരിക്കുന്നത്. പ്രധാനമന്ത്രി ഞായറാഴ്ച സോമനാഥ് ക്ഷേത്രം സന്ദർശിക്കും.

✪✪✪

2027 സെൻസസിന്റെ ആദ്യ ഘട്ടത്തിന് കേന്ദ്രഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചു. രണ്ട് ഘട്ടങ്ങളായാണ് സെൻസസ് നടപടികൾ പൂർത്തിയാക്കുന്നത്. ഏപ്രിൽ ഒന്നിനും സെപ്തംബർ 30നും ഇടയിൽ വീടുകളുടെ പട്ടിക തയ്യാറാക്കുന്ന നടപടികൾ ആരംഭിക്കും. സെൻസസ് രണ്ടാം ഘട്ടത്തിൽ 2027 ഫെബ്രുവരിയിൽ ജനസംഖ്യാകണക്കെടുപ്പ് ആരംഭിക്കും. ലഡാക്കും ജമ്മു കശ്മീരും, ഹിമാചലും, ഉത്തരാഖണ്ഡും അടക്കം സംസ്ഥാനങ്ങളിൽ പ്രതികൂല കാലാവസ്ഥ മുൻ നിർത്തി സെപ്തംബറിലായിരിക്കും കണക്കെടുപ്പ്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പരീക്ഷാ പേ ചർച്ച സംവാദ പരിപാടിയിലേക്ക് ഇതിനകം നാല് കോടിയിൽ പരം രജിസ്ട്രേഷൻ ലഭിച്ചു. സാമൂഹ്യ മാധ്യമക്കുറിപ്പിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് ഇക്കാര്യം അറിയിച്ചത്. വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ എന്നിവരിൽ നിന്ന് പ്രധാനമന്ത്രി ആശയങ്ങളും നിർദേശങ്ങളും ക്ഷണിച്ചിരുന്നു. 10,12 ക്ലാസ് പരീക്ഷകൾ വരാനിരിക്കെ അതുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിശദമായി ചർച്ച ചെയ്യുമെന്നും പ്രധാനമന്ത്രി അറിയിച്ചു.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന കേരളമടക്കം സംസ്ഥാനങ്ങളിൽ AICC നിരീക്ഷകരെ തീരുമാനിച്ചു. കേരളത്തിൽ AICC ജനറൽ സെക്രട്ടറി സച്ചിൻ പൈലറ്റ്, കർണാടക മന്ത്രി KJ ജോർജ്ജ്, ഇമ്രാൻ പ്രതാപ്ഗഡി, കനയ്യകുമാർ എന്നിവരാണ് നിരീക്ഷകർ. തമിഴ്നാട്ടിൽ മുകുൾവാസ്നിക്, ഉത്തംകുമാർ റെഡ്ഡി, ബംഗാളിൽ സുദീപ് റോയ് ബർമ്മൻ, ഷക്കീൽ അഹമ്മദ്ഖാൻ, പ്രകാശ്ജോഷി എന്നിവരും നിരീക്ഷകരാണ്.

✪✪✪

സംസ്ഥാനത്ത് ഭരണവിരുദ്ധ വികാരമില്ലെന്നും, കോഴിക്കോട് ജില്ലയിൽ നിയമസഭാ തിരഞ്ഞെടുപ്പിൽ LDF എല്ലാ സീറ്റിലും ജയിച്ചുവരുമെന്നും മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. LDF ന്റെ മിഷൻ 110 സംസ്ഥാനത്ത് യാഥാർത്ഥ്യമാക്കുമെന്നും അദ്ദേഹം കോഴിക്കോട്ട് വ്യക്തമാക്കി. സംസ്ഥാന ഗവൺമെന്റിന്റെ അഞ്ചു വർഷത്തെ വികസന കാര്യങ്ങൾ മന്ത്രിമാർ വിശദീകരിക്കുമെന്നും മുഹമ്മദ് റിയാസ് അറിയിച്ചു.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പിൽ പുതുമുഖങ്ങളെ മത്സരിപ്പിക്കുന്ന കാര്യം പരിഗണിക്കുമെന്ന് ജനതാദൾ S സംസ്ഥാന പ്രസിഡണ്ട് മാത്യു T തോമസ് തിരുവനന്തപുരത്ത് അറിയിച്ചു. LDF ൽ നിന്ന് ലഭിക്കുന്ന സീറ്റ് അനുസരിച്ചാകും തീരുമാനമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. തദ്ദേശ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പാർട്ടിയുടെ വിലയിരുത്തൽ LDF നെ അറിയിച്ചിട്ടുണ്ടെന്നും മാത്യു T തോമസ് വ്യക്തമാക്കി. തിരഞ്ഞെടുപ്പ് സംബന്ധിച്ച വിശദമായ ചർച്ച നാളെ ചേരുന്ന LDF യോഗത്തിലുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് SIR ന്റെ ഭാഗമായി പോളിംഗ്ബൂത്ത് തലങ്ങളിൽ 30,000 ത്തിലേറെ പേരുടെ ഹിയറിംഗ് പൂർത്തിയായി. രണ്ട് ദിവസം മുമ്പാണ് ഹിയറിംഗ് ആരംഭിച്ചത്. അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരായ തഹസിൽദാർമാരാണ് ഹിയറിംഗ് നടത്തുന്നത്. ഹിയറിംഗിന് എത്തുന്നവരെ തിരിച്ചറിയാൻ BLO മാരുടെ സാന്നിധ്യവുമുണ്ട്.

SIR-ന്റെ ഭാഗമായ കരട് വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട പരാതികളും, എതിർപ്പുകളും ഈ മാസം 22 വരെ സമർപ്പിക്കാം. കരട് വോട്ടർ പട്ടികയിലെ ഹിയറിങ്ങ് ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ നടത്തുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു. അർഹരായ മുഴുവൻ ആളുകളെയും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയനും വ്യക്തമാക്കി.

✪✪✪

സേനാംഗങ്ങൾക്ക് അടുത്ത മൂന്നു വർഷം കൂടി വ്യക്തിഗത ഇൻഷുറൻസ് പരിരക്ഷയും, ബാങ്കിംഗ് സേവനങ്ങളും നൽകുന്നതിന് HDFC യും, സൈന്യവും ധാരണാപത്രം പുതുക്കി. പെൻഷൻകാർക്കും, അഗ്നിവീർ ഉൾപ്പെടെ മുഴുവൻ സേനാംഗങ്ങൾക്കും ഒരു കോടി രൂപയുടെ ഇൻഷുറൻസ് പരിരക്ഷയാണ് ബാങ്ക് നൽകുന്നത്.

✪✪✪

നോർത്ത് മലബാർ ചേംബർ ഓഫ് കോമേഴ്സ് ഏർപ്പെടുത്തിയ ചേംബർ അവാർഡുകൾ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ കണ്ണൂരിൽ വിതരണം ചെയ്തു. മികച്ച വ്യവസായിയായി തിരഞ്ഞെടുത്ത ആഷിയാന സേഫ്റ്റി ഗ്ലാസ് LLP ചെയർമാൻ C.P സയദ്, മികച്ച വ്യാപരിയായി തിരഞ്ഞെടുത്ത വിൻസ്മേര ജുവെൽസ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ ദിനേശ് കമ്പ്രത്ത് എന്നിവർക്കും ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് KP ജയബാലനും ഗവർണർ സമ്മാനിച്ചു. C സദാനന്ദൻ മാസ്റ്റർ MP മുഖ്യാതിഥിയായിരുന്നു.

✪✪✪

ചാർട്ടേർഡ് അക്കൗണ്ടന്റുമാരുടെ സംഘടനയായ ICAI സംഘടിപ്പിക്കുന്ന നാലാമത് അഖിലേന്ത്യാ GST സിമ്പോസിയത്തിന് ഇന്ന് കോവളത്ത് തുടക്കമാകും. വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ചടങ്ങ് ഉദ്ഘാടനം ചെയ്യും. രണ്ടു ദിവസത്തെ സിമ്പോസിയം, GST നിയമങ്ങളിലെ മാറ്റങ്ങൾ, ഉൾപ്പെടെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യും.

✪✪✪

ഭൂപതിവ് ക്രമീകരണ ചട്ടം നടപ്പാക്കാൻ അധികാര സ്ഥാനങ്ങൾ നിശ്ചയിച്ച് സംസ്ഥാന ഗവൺമെന്റ് ഉത്തരവിറക്കി. എല്ലാ ജില്ലയിലും ലാന്റ് റവന്യൂ ചുമതല വഹിക്കുന്ന ഡെപ്യൂട്ടി കലക്ടർമാർക്കാണ് വ്യവസ്ഥാലംഘനം ക്രമീകരിച്ചു നൽകാൻ അധികാരം. പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്ന ഉത്തരവാദിത്വം തഹസിൽദാർമാർക്കും, സ്പെഷ്യൽ തഹസിൽദാർമാർക്കുമായിരിക്കും.

✪✪✪

അഹമ്മാദാബാദിൽ വിജയ്ഹസാരെ ഏകദിന ക്രിക്കറ്റ് ടൂർണമെന്റിൽ കേരളം ഇന്ന് അവസാന മത്സരത്തിൽ തമിഴ്നാടിനെ നേരിടും. മികച്ച വിജയം നേടിയാൽ കേരളത്തിന് ക്വാർട്ടറിലെത്താം.

✪✪✪

മുംബൈയിൽ വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിന്റെ നാലാം സീസൺ നാളെ തുടങ്ങും. നവിമുംബൈ DY പാട്ടീൽ സ്റ്റേഡിയത്തിൽ രാത്രി ഏഴരയ്ക്ക് നിലവിൽ ചാമ്പ്യൻമാരായ മുംബൈ ഇന്ത്യൻസ്, ബംഗളൂരു റോയൽ ചലഞ്ചേഴ്സിനെ നേരിടും.

✪✪✪

കൊല്ലം തോട്ടത്തറ ഹാച്ചറിയിൽ കോഴികൾ കൂട്ടത്തോടെ ചാകുന്നു. പക്ഷിപ്പനി ആണെന്ന സംശയത്തെ തുടർന്ന് സാമ്പിൾ വിദഗ്ധ പരിശോധനയ്ക്ക് അയച്ചു.

കൊല്ലത്തു നിന്ന് നീരജ്ലാൽ.

.......(വോയ്സ്)...

✪✪✪

പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ മലപ്പുറം നിലമ്പൂരിൽ പ്രാദേശിക മാധ്യമ പ്രവർത്തകർക്കായി 'VARTALAP'- മാധ്യമ ശില്പശാല ആരംഭിച്ചു. PIB അഡീഷണൽ ഡയറക്ടർ ജനറൽ V. പളനിചാമി ഉദ്ഘാടനം ചെയ്തു. PIB കൊച്ചി ഡയറക്ടറും ആകാശവാണി ന്യൂസ് ഡയറക്ടറുമായ ധന്യ സനൽ ശില്പശാലയിൽ പങ്കെടുക്കുന്നുണ്ട്.

നിലമ്പൂർ പ്രസ്സ് ക്ലബ്ബുമായി സഹകരിച്ചാണ് ഒരു ദിവസത്തെ മാധ്യമ ശില്പശാല സംഘടിപ്പിക്കുന്നത്. ചടങ്ങിൽ മുതിർന്ന മാധ്യമ പ്രവർത്തകരെ ആദരിക്കുകയും ചെയ്യും.

✪✪✪

സ്വർണ വില കുറഞ്ഞു. പവന് 200 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 1200 രൂപയായി. 12,650 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ ഈ വർഷത്തെ ഹരിവരാസനം പുരസ്കാരം പ്രശസ്ത നാഗസ്വര വിദ്വാൻ തിരുവിഴ ജയശങ്കറിന്. മകരവിളക്ക് ദിനമായ ഈ മാസം 14 ന് സന്നിധാനത്ത് പുരസ്കാരം സമ്മാനിക്കും. ഒരു ലക്ഷം രൂപയും, പ്രശസ്തിപത്രവും, ഫലകവും അടങ്ങിയതാണ് പുരസ്കാരം. നാഗസ്വരം ജനകീയമാക്കുന്നതിനും, അതിലൂടെ ഭക്തിഗാന ശാഖയ്ക്ക് നൽകിയ അമൂല്യസംഭാവനകളും മുൻനിർത്തിയാണ് പുരസ്കാരമെന്ന് മന്ത്രി VN വാസവൻ തിരുവനന്തപുരത്ത് അറിയിച്ചു.

✪✪✪

---

*News Editor : വികെ സുരേഷ്*
*News Reader: ഫസ്ന ഫാത്തിമ*
*NRTs: അനിൽ ചന്ദ്രൻ, അൻഷ കരീം*
*DEO : ഷീബ*